**അടിയന്തരപ്രമേയം**

തലശ്ശേരിക്ക് സമീപം സ്റ്റീൽ ബോംബ് പൊട്ടിയുണ്ടായ മരണം

മി. സ്പീക്കർ: തലശ്ശേരി എരഞ്ഞോളി കുടക്കളത്ത് സ്റ്റീൽ ബോംബ് പൊട്ടി കുടക്കളം സ്വദേശി മരണപ്പെട്ടതിനെ തുടർന്ന് ജനങ്ങളിൽ ആശങ്ക ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. സണ്ണി ജോസഫ്, പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ.കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):സർ, കണ്ണൂർ കുടക്കളം സ്വദേശി വേലായുധൻ 18-06-2024-ന് ഉച്ചയ്ക്ക് 12 മണിയോടെ, വീടിന് സമീപത്തെ കണ്ണോളി മോഹനൻ എന്നയാളുടെ ഉടമസ്ഥതയിലുള്ള ആളൊഴിഞ്ഞ പറമ്പിൽനിന്നും കിട്ടിയ സ്റ്റീൽ വസ്തു പരിശോധിക്കുന്നതിനിടെ അത് പൊട്ടിത്തെറിച്ച് മരണപ്പെട്ട ദൗർഭാഗ്യകരമായ സംഭവമുണ്ടായി. പോലീസ്

ഇക്കാര്യത്തിൽ അസ്വാഭാവിക മരണത്തിന് കേസെടുത്ത് Explosive Substances Act പ്രകാരമുള്ള വകുപ്പുകൾ ഉൾക്കൊള്ളിച്ച് ക്രൈം നമ്പർ 607/2024-ആയി തലശ്ശേരി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു. പാനൂരിൽ ഈയിടെയുണ്ടായ ബോംബ് സ്ഫോടനത്തിൽ ഒരാൾ കൊല്ലപ്പെട്ട സംഭവത്തിൽ ഊർജ്ജിത അന്വേഷണം നടത്തി കുറ്റക്കാരായ 15 പേരെയും അറസ്റ്റ് ചെയ്ത് നിയമനടപടി സ്വീകരിച്ചിട്ടുണ്ട്. സ്ഫോടകവസ്തുക്കളുടെ നിർമ്മാണവുംമറ്റും തടയുന്നതിന് ശക്തമായ നടപടികളും പരിശോധനയുമാണ് പോലീസ് നടത്തിവരുന്നത്. ആയുധങ്ങളുടെയും വെടിക്കോപ്പുകളുടെയും അനധികൃത നിർമ്മാണവും ശേഖരണവും തടയുന്നതിനും കണ്ടെത്തുന്നതിനുമായി ക്വാറികൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിരന്തരം റെയ്ഡുകൾ നടത്തി ആവശ്യമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. Bomb Detection & Disposal Squad, Dog Squad എന്നിവയെ ഉൾപ്പെടുത്തി വ്യാപകമായ വാഹന പരിശോധനകളും പട്രോളിംഗും നടത്തിവരുന്നു. സംസ്ഥനത്തെ സമാധാന അന്തരീക്ഷം തകർക്കാൻ ലക്ഷ്യമിട്ടുള്ള ഏതൊരു പ്രവൃത്തിയെയും തടയുന്നതിന് ശക്തമായ നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. വെടിമരുന്നുകളും സ്ഫോടക സാമഗ്രികളും

ദുരുപയോഗംചെയ്ത് ബോംബ് നിർമ്മാണവും മറ്റുപ്രവൃത്തികളും നടത്തുന്നവർക്കെതിരായി മുഖം നോക്കാതെ നടപടിയെടുക്കാനും സംഭവങ്ങൾ അമർച്ച ചെയ്യാൻ ശക്തമായ നടപടികൾ സ്വീകരിക്കുവാനും സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ ചില മേഖലകളിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്ന പശ്ചാത്തലത്തിൽ പോലീസ് കൂടുതൽ ഊർജ്ജിതമായ പരിശോധനകൾ നടത്തുന്നതാണ്. ഇത്തരമൊരു സാഹചര്യത്തിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട പ്രശ്നം വരുന്നില്ല.

ശ്രീ. സണ്ണി ജോസഫ്: സർ, കണ്ണൂർ ജില്ലയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കുകയാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കേരള നിയമസഭയിൽ സമ്മതിക്കേണ്ടിവന്നിരിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും സ്പീക്കറിന്റേയും എന്റേയും ജില്ലയാണ് കണ്ണൂർ. തലശ്ശേരിയിലെ സംഭവം ഒറ്റപ്പെട്ടതല്ല. 85 വയസ്സ് കഴിഞ്ഞ വളരെ പാവപ്പെട്ട ഒരാളായിരുന്നു മരണപ്പെട്ട വേലായുധൻ. മോഹൻദാസ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വീട് അദ്ദേഹത്തിന്റെ മരണശേഷം പൂട്ടിക്കിടക്കുന്ന നിലയിലാണുള്ളത്. ഏകദേശം ആൾക്കാർക്കൊക്കെ അറിയാവുന്ന, ചെറുപ്പകാലത്തെ ഒരു കെ.എസ്.യു. പ്രവർത്തകനായിരുന്ന മോഹൻദാസ്.

മോഹൻദാസിന്റെ മരണശേഷം അദ്ദേഹത്തിന്റെ ഭാര്യ മറ്റൊരുവീട്ടിലാണ് താമസം. കർഷക സംഘത്തിന്റെ ഓഫീസ്, പഞ്ചായത്ത് ഓഫീസ് തുടങ്ങിയവ അതിനടുത്തുണ്ട്. അവിടെ ബോംബ് കൊണ്ടുവച്ചതാണെന്ന് ആർക്കും മനസ്സിലാക്കാവുന്ന കാര്യമാണ്. തേങ്ങപെറുക്കിയെടുക്കുന്നതിന് പറമ്പിൽ കയറിയപ്പോഴാണ് അപകടം സംഭവിച്ച വ്യക്തിക്ക് ഒരു സ്റ്റീൽ വസ്തു ലഭിച്ചത്. അത് എന്താണെന്നറിയാത്ത 85 വയസ്സുകാരൻ അക് പൊട്ടിക്കാൻ ശ്രമിച്ചു. തുടർന്ന് സ്ഫോടനം സംഭവിക്കുകയും അദ്ദേഹത്തിന്റെ കൈ നഷ്ടപ്പെട്ട അവസ്ഥയിൽ ഗുരുതരമായ പരിക്കുകളോടെ മരണപ്പെടുകയും ചെയ്യുന്നു. ഇത് ഒറ്റപ്പെട്ട സംഭവമല്ല. സംഭവസ്ഥലത്ത് പൊലീസ് എത്തുന്നതിനുമുമ്പുതന്നെ സ്ഫോടകവസ്തുക്കൾ അവിടെ കൊണ്ടുവച്ച ആളുകൾതന്നെ സ്ഥലത്തെത്തി ബാക്കിയുള്ള അവശിഷ്ടങ്ങളും കൂടുതൽ ബോംബുകളുണ്ടായിരുന്നെങ്കിൽ അവയൊക്കെയും അവിടെനിന്ന് മാറ്റി തെളിവുകൾ നശിപ്പിച്ചിരുന്നു. തെളിവുകൾ നശിപ്പിച്ചതിനുശേഷമാണ് പോലീസ് അവിടെ എത്തുന്നത്. ഇവിടെ മാത്രമല്ല പല സ്ഥലങ്ങളിലും ഇതാണ് സംഭവിക്കുന്നത്. രണ്ട് വർഷംമുമ്പ് എന്റെ നിയോജകമണ്ഡലത്തിലെ ചാവശ്ശേരിയിൽ, ആക്രി സാധനങ്ങൾ പെറുക്കിവിറ്റുജീവിക്കുന്ന ആസ്സാം സ്വദേശികളായ 45 വയസ്സുകാരനും

അദ്ദേഹത്തിന്റെ മകൻ 21 വയസ്സുകാരനും ഗുരുതരമായ പരിക്കേറ്റിരുന്നു. ജോലിക്കിടയിൽ അവർക്കൊരു സ്റ്റീൽ പാത്രം കിട്ടുകയും അത് എന്താണെന്ന് അറിയാതെ പൊട്ടിച്ചപ്പോൾ സ്ഫോടനമുണ്ടായി രണ്ടുപേരും സംഭവസ്ഥലത്ത് മരണപ്പെടുകയും ചെയ്തു. മരണപ്പെട്ടയാളുടെ സഹോദരൻ രണ്ട് മൃതദേഹങ്ങളുമായാണ് തിരിച്ച് ആസ്സാമിലേയ്ക്ക് പോയത്. ഈ വിഷയം അന്ന് സഭയിൽ അടിയന്തരപ്രമേയമായി ഞാൻ അവതരിപ്പിച്ചപ്പോഴും, പോലീസിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്... എന്നൊക്കെയുള്ള ഏകദേശം ഇതുപോലൊരു മറുപടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയത്. പക്ഷെ ഇതെല്ലാം വീണ്ടും ആവർത്തിക്കുകയാണ്. എത്രയെത്ര സംഭവങ്ങളാണ് ഇവിടെ നടക്കുന്നത്. ഇതെല്ലാം അന്നും ചൂണ്ടിക്കാണിച്ചതാണ്. തില്ലങ്കേരിയിൽ ഓമന എന്ന തൊഴിലുറപ്പ് തൊഴിലാളി ജോലിയുടെ ഭാഗമായി റോഡിന്റെ ഡ്രെയിനേജ് വൃത്തിയാക്കുന്ന സമയത്ത്, എന്തോ ഒരു വസ്തുവിൽ തൂമ്പയിൽ തട്ടുകയും അത് പൊട്ടി അപകടമുണ്ടാകുകയും ചെയ്തു. അതിനുള്ളിൽ ബോംബ് ആയിരുന്നു ഉണ്ടായിരുന്നത്. അവർ ഇരിട്ടി ആശുപത്രിയിൽ ചികിത്സയിലുണ്ടായിരുന്നു. പിന്നീട് തൊഴിലുറപ്പിന് പോകാൻ കഴിയാത്ത അവരുടെ അവസ്ഥയെക്കുറിച്ച് ചാനലുകൾ റിപ്പോർട്ട്

ചെയ്തിട്ടുണ്ടായിരുന്നു. പാനൂരിൽ അമാവാസി എന്ന അന്യസംസ്ഥാന ബാലൻ കളിക്കുന്നതിനിടയിൽ ഒരു പാത്രം കിട്ടി. അമ്മ കാളിയുടെ കയ്യിൽ കൊടുത്തെങ്കിലും അത് തുറക്കാൻ കഴിഞ്ഞില്ല. ബാലൻ തന്നെ അത് കുത്തിപ്പൊട്ടിച്ചു. അതിനിടയിൽ സ്ഫോടനമുണ്ടായി. കുട്ടിയുടെ കണ്ണും കൈയ്യുമാണ് നഷ്ടപ്പെട്ടത്. പിന്നീട് നാട്ടുകാർ പിരിവെടുത്തിട്ടാണ് അമാവാസിയെ ചികിത്സിച്ചത്. ഈ കുട്ടിക്കാണ് സുഗതകുമാരി ടീച്ചർ പൂർണ്ണചന്ദ്രൻ എന്ന പേര് നൽകിയത്. അതുപോലെ പാനൂരിൽ സി.പി.ഐ.(എം) പ്രവർത്തകനായ ഒരു സ്കൂൾ അധ്യാപകൻ, നമുക്കെല്ലാം അറിയാവുന്ന ഒരു സ്കൂൾ അദ്ധ്യാപകൻ, അദ്ദേഹം സ്റ്റാഫ് റൂമിൽ സൂക്ഷിച്ചിരുന്ന ബാഗിൽനിന്ന് ബോംബ് പൊട്ടുകയുണ്ടായി. ചാവശ്ശേരിയിൽ പടിക്കച്ചാലിൽ ശ്രീധരൻ എന്ന ആളുടെ വീടിനടുത്ത് ബോംബ് സ്ഫോടനമുണ്ടായി. സംഭവസ്ഥലത്ത് എത്തിയ ടിയാനും പരിക്കേറ്റ് കാൽ നഷ്ടപ്പെട്ടു. പെരിങ്ങത്തൂർ പാലത്തിനടിയിൽ സൂക്ഷിച്ചിരുന്ന ബോംബ് അന്യ സംസ്ഥാനത്തെ ഒരു കുട്ടി എന്താണെന്നറിയാതെ എടുത്ത് കൈകാര്യം ചെയ്ത അവസരത്തിൽ ഗുരുതരമായ പരിക്കേറ്റിരുന്നു. ഇതുപോലെ എത്രയെത്ര സംഭവങ്ങളാണുള്ളത്. ഇരിട്ടിയിൽ ഒരു ബി.ജെ.പി. പ്രവർത്തകന് പട്ടാളത്തിൽ ജോലി ലഭിച്ച് പോകാനുള്ള തയ്യാറെടുപ്പിന്റെ ഭാഗമായി

വീട്ട് പറമ്പിലോ പുറത്തോ സൂക്ഷിച്ചിരുന്ന ബോംബ് നിർവീര്യമാക്കാൻ ശ്രമിക്കുന്നതിനിടെ ബോംബ് പൊട്ടി കണ്ണും കാലും നഷ്ടപ്പെടുകയും അതോടുകൂടി പട്ടാളത്തിലെ ജോലിയും പോകുകയുണ്ടായി. ഇതൊന്നും ഒറ്റപ്പെട്ട സംഭവങ്ങളല്ല. ഇന്ത്യകണ്ട ഏറ്റവും ശക്തമായ പാർലമെന്റ് ഇലക്ഷന്റെ ഭാഗമായി പ്രചരണ പ്രവർത്തനങ്ങൾക്കിടയിലാണ് പാനൂരിൽ ഡി.വൈ.എഫ്.ഐ. പ്രവർത്തകനായ ഷെറിൻ ബോംബ് നിർമ്മിക്കുമ്പോൾ ബോംബ് പൊട്ടി മരണപ്പെട്ടത്. Admittedly and evidently അത് തെളിഞ്ഞ കാര്യമാണ്. പോലീസ് കേസ് എടുക്കുമെന്ന് മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചു. ആദ്യം പാർട്ടിയുടെ നിലപാട് എന്തായിരുന്നു എന്നത് എല്ലാവർക്കുമറിയാം. ബഹുമാന്യനായ എം.വി. ഗോവിന്ദൻ മാസ്റ്റർ ഡി.വൈ.എഫ്.ഐ.-യെ തള്ളിപ്പറഞ്ഞു. പരിക്കുപറ്റിയ ആളെ ആദ്യം കോഴിക്കോട് ആശുപത്രിയിൽ കൊണ്ടുപോകുകയും പിന്നീട് തലശ്ശേരിയിൽ സി.പി.ഐ.(എം) നിയന്ത്രണത്തിലുള്ള തലശ്ശേരി സഹകരണ ആശുപത്രിയിലേയ്ക്ക് മാറ്റുകയും ചെയ്തു. പരിക്ക് പറ്റിയ ആളുകളെ രഹസ്യമായാണ് ചികിത്സിക്കുന്നത്. പത്രക്കാർക്കും ചാനലുകാർക്കും ബന്ധുകൾക്കുപോലും കാണാൻ കഴിയില്ല. പാർട്ടി നേതാക്കന്മാർ തെളിവ് നശിപ്പിക്കുന്നതിന്റെ ഭാഗമായാണ് ചികിത്സപോലും

ക്രമീകരിക്കുന്നത്. ഇതൊക്കെ എല്ലാവർക്കുമറിയാം. പാനൂർ ചെറ്റക്കണ്ടിയിൽ സി.പി.ഐ.(എം) പ്രവർത്തകരായ ഷൈജു, സുബീഷ് എന്നിവർ 2015-ൽ ബോംബ് നിർമ്മിക്കുമ്പോൾ ബോംബ് പൊട്ടി മരണപ്പെട്ടു. ഇക്കാര്യം അന്ന് സഭയിൽ സബ്മിഷനായി അവതരിപ്പിച്ചത് ഞാനാണ്. സി.പി.ഐ.(എം) പ്രവർത്തകരാണെന്നത് അന്ന് നിഷേധിക്കുകയുണ്ടായി. എന്നാൽ പിന്നീട് പാർട്ടി ഇവരെ രക്തസാക്ഷികളായി പ്രഖ്യാപിക്കുകയും അവിടെ സി.പി.ഐ.(എം) സ്മാരകം നിർമ്മിക്കുകയും ചെയ്തു. ഇതിന്റെ ഉദ്ഘാടനത്തിന് സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ പങ്കെടുക്കുന്നതായി നോട്ടീസും അച്ചടിച്ചിരുന്നു. എന്നാൽ മാധ്യമങ്ങളിലൂടെയും അല്ലാതെയുമുള്ള അതിശക്തവും വ്യാപകവുമായ പ്രതിഷേധത്തെത്തുടർന്ന് അദ്ദേഹം പരിപാടിയിൽ പങ്കെടുത്തില്ല. പകരം ജില്ലാ സെക്രട്ടറി സഖാവ് എം.വി. ജയരാജൻ സ്മാരകം ഉദ്ഘാടനം ചെയ്തു. ബോംബ് നിർമ്മാണത്തിനിടെ ബോംബ് പൊട്ടി മരിച്ചവർക്കാണ് സ്മാരകം എന്ന് പ്രത്യേകം ഓർക്കണം. ഇരിക്കൂർ നിയോജകമണ്ഡലത്തിലെ കുടിയാമലയിലെ സി.പി.ഐ.(എം). ജില്ലാ സെക്രട്ടേറിയറ്റ് അംഗം കെ. എം. ജോസഫിന്റെ വീട്ടിൽ ബോംബ്

നിർമ്മിക്കുന്നതിനിടയിൽ സ്ഫോടനമുണ്ടായി. ഇന്നത്തെ മുഖ്യമന്ത്രി അന്നത്തെ സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി എന്ന സ്ഥാനത്തായിരുന്നു. പാർട്ടിക്ക് ഉത്തരവാദിത്തമില്ലെന്ന് കാണിച്ച് അദ്ദേഹം സംഭവത്തെ തള്ളിപ്പറഞ്ഞു. വീട് വൃത്തിയാക്കുന്നതിനിടയിലെ സംഭവമാണെന്ന് ജില്ലാ കമ്മിറ്റി പ്രസ്താവനയും ഇറക്കി. പിന്നീട് ഒരുമാസത്തിനുള്ളിൽ ഇന്നത്തെ മുഖ്യമന്ത്രി, അന്നത്തെ പാർട്ടി സെക്രട്ടറിഅവിടെ എത്തി മരണപ്പെട്ട ആളുകളുടെ കുടുംബങ്ങളെ സന്ദർശിച്ച് അവരെ രക്തസാക്ഷികളായി പ്രഖ്യാപിച്ച് കുടുംബസഹായ ഫണ്ട് നൽകി. ഇതേക്കുറിച്ചെല്ലാം വിശദമായി ചർച്ച ചെയ്യേണ്ടതുണ്ട്. കതിരൂർ പുല്ല്യോട് എന്ന സ്ഥലത്ത് ബോംബ് നിർമ്മാണത്തിൽ ഏർപ്പെട്ട അവസരത്തിൽ രണ്ട് സി.പി.ഐ.(എം) പ്രവർത്തകർ മരണപ്പെടുകയുണ്ടായി. കൊളാരിയിൽ ബോംബ് നിർമ്മിക്കുമ്പോൾ ഒരു സി.പി.ഐ.(എം) പ്രവർത്തകൻ മരിച്ചു. കല്ലിക്കണ്ടിയിലെ കാര്യവും ഇവിടെ സൂചിപ്പിച്ചു.. (ബഹളം)..

മി.സ്പീക്കർ: പ്ലീസ്.. പ്ലീസ്..

ശ്രീ. സണ്ണി ജോസഫ്: സർ, ചെറുവാഞ്ചേരിയിലും പൊയിലൂരിലും ബോംബ് നിർമ്മിക്കുമ്പോൾ ബി.ജെ.പി. പ്രവർത്തകരും മരണപ്പെട്ടിട്ടുണ്ട്. ഇതെല്ലാം കേൾക്കാൻ പ്രയാസമുണ്ടാകുമെന്ന് അറിയാം. (ബഹളം)

മി.സ്പീക്കർ: യെസ്... ബഹുമാനപ്പെട്ട അംഗത്തിന് തുടർന്ന് സംസാരിക്കാവുന്നതാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, ശ്രീ. പി. ജയരാജന്റെ മകൻ ബോംബ് നിർമ്മിക്കുമ്പോൾ അത് പൊട്ടി പരിക്ക് പറ്റി. വിഷുവിന് പടക്കം ഉണ്ടാക്കിയപ്പോൾ പറ്റിയതാണെന്നാണ് ആദ്യം പറഞ്ഞത്. പത്രക്കാരും നാട്ടുകാരും പ്രതിപക്ഷവും അതേക്കുറിച്ച് നിരന്തരം ചോദ്യങ്ങൾ ചോദിച്ചിരുന്നു.

മി.സ്പീക്കർ: പത്ത് പതിനഞ്ച് വർഷം മുമ്പുള്ള ചരിത്രം സൂചിപ്പിക്കുന്നതല്ല അടിയന്തരപ്രമേയം. അടിയന്തരവിഷയങ്ങൾ സംസാരിക്കാനുള്ള സമയമാണിത്. യെസ്.. യെസ്... ബഹുമാനപ്പെട്ട അംഗത്തിന് തുടർന്ന് സംസാരിക്കാവുന്നതാണ്.. (യെസ്.. യെസ്..)

<u>ശ്രീ. സണ്ണി ജോസഫ്</u>: സി.പി.ഐ.(എം)-കാർക്ക് സഹിഷ്ണുതയോടെ ഇത് കേൾക്കാൻ കഴിയില്ല. ഇവിടെ സി.പി.ഐ.(എം) സംസ്ഥാന കമ്മിറ്റി ചേരുകയാണോ. പ്രതിപക്ഷം ഇവിടെ പറഞ്ഞ കാര്യങ്ങൾ വസ്തുനിഷ്ഠമാണോയെന്ന് പരിശോധിക്കാൻ സി.പി.ഐ.(എം) സംസ്ഥാന കമ്മിറ്റി വേദിയാക്കണം. ഞാൻ വെല്ലുവിളിക്കുകയാണ്, ആവശ്യപ്പെടുകയാണ്, അഭ്യർത്ഥിക്കുകയാണ്, നിങ്ങൾ അതിന് തയാറാകണം. ഇവിടെ ചർച്ച ചെയ്യുന്നില്ലെങ്കിൽ ഞങ്ങൾ എവിടെയാണ് ചർച്ച ചെയ്യേണ്ടത്. ഇവിടെ ചർച്ചചെയ്യണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. തെരഞ്ഞെടുപ്പിനുശേഷം സി.പി.ഐ.(എം) പ്രവർത്തകർ കക്കട്ടിൽ ആർ.എം.പി. പ്രവർത്തകന്റെ വീടിന്റെ നേരെ ബോംബെറിഞ്ഞു. മണിയൂരിൽ ബ്ലോക്ക് കോൺഗ്രസ്സ് കമ്മിറ്റി സെക്രട്ടറിയുടെ വീടിനുനേരെ ബോംബെറിഞ്ഞു. <u>കുത്തു</u>പറമ്പിൽ വനിതാ ലീഗ് പ്രവർത്തകയുടെ വീടിനുനേരെ ബോംബെറിഞ്ഞു. ഈ സംഭവങ്ങളിലെല്ലാം

പോലീസ് കേസ് രജിസ്റ്റർ ചെയ്തു. പക്ഷേ ഒരു പ്രതിയെപോലും ഇതുവരെ പിടികൂടാൻ കഴിഞ്ഞില്ല. കഴിഞ്ഞ അസംബ്ലി തെരഞ്ഞെടുപ്പിനുശേഷം പാനൂരിൽ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ മൺസൂർ എന്ന മുസ്ലീംലീഗ് പ്രവർത്തകനെ സി.പി.ഐ.(എം) പ്രവർത്തകർ ബോംബെറിഞ്ഞ് കൊലപ്പെടുത്തി. കണ്ണൂർ ജില്ലയിൽ ഏറ്റവും കൂടുതൽ ബോംബ് നിർമ്മാണം നടക്കുന്നത് സി.പി.ഐ.(എം)-ന്റെ നേതൃത്വത്തിലാണെന്ന് തെളിഞ്ഞ കാര്യമാണ്. പ്രതികൾക്കെല്ലാം പാർട്ടി നേതൃത്വമാണ് ഒത്താശ ചെയ്യുന്നത്. ഫണ്ട് കൊടുക്കുന്നു, സ്മാരകങ്ങൾ നിർമ്മിക്കുന്നു, കേസുകൾ ഇല്ലാതാക്കുന്നു, തെളിവുകൾ നശിപ്പിക്കുന്നു, പോലീസിനെ നിർവീര്യമാക്കുന്നു. പോലീസ് അനേകം സംഭവങ്ങളിൽ ബോംബുകൾ കണ്ടെത്തിയിട്ടുണ്ട്. നിയമസഭയിൽ ഞങ്ങളുടെ ചോദ്യത്തിന് നിരവധി സംഭവങ്ങളിൽ ബോംബ് കിട്ടിയിട്ടുണ്ടെന്ന് മുഖ്യമന്ത്രിയും മറുപടി നൽകിയിട്ടുണ്ട്. പക്ഷേ എന്റെ ലളിതമായ ചോദ്യം ഏതെങ്കിലും ഒരു സംഭവത്തിൽ ഈ ബോംബ് എവിടെവച്ച് നിർമ്മിച്ചുയെന്നോ,

ആര് നിർമ്മിച്ചുയെന്നോ കണ്ടെത്തിയിട്ടുണ്ടോ? നമുക്കറിയാം, തലശ്ശേരിയിലെ കതിരൂരിൽ എരഞ്ഞോളിയെന്ന സ്ഥലത്ത് തോടിന് കുറുകെ പാലം വച്ച് കുടിലുകൾ കെട്ടി അവിടെ വച്ചാണ് ബോംബ് നിർമ്മിക്കുന്നത്. ആ സ്ഥലം ഞാൻ പോയി കണ്ടു. ശ്രീ. ഷാഫി പറമ്പിലും അങ്ങോട്ട് പോയിട്ടുണ്ട്. ഇന്നലെ ഡി.സി.സി. പ്രസിഡന്റും പോയി കണ്ടിരുന്നു. അങ്ങേയ്ക്കറിയാം, കൈയ്ക്ക് പരിക്കുപറ്റിയ പയ്യന്റെ വീട് മാഹിയിലാണ്. തലശ്ശേരിയിലെ കതിരൂരിൽ വന്ന് മാഹിക്കാരൻ ബോംബ് നിർമ്മിക്കണമെങ്കിൽ അതിന് നേതൃത്വത്തിന്റെ ഒത്താശയുണ്ട്, പണവുമുണ്ട്, സാധനസാമഗ്രികൾ നൽകുന്നുണ്ട്, പ്രോത്സാഹനം നൽകുന്നുണ്ട്, ഗൂഢാലോചനയും നടത്തുന്നുണ്ട്. അതുകൊണ്ട് ഈ സംഭവങ്ങളിൽ ആരെ ലക്ഷ്യം വച്ചാണ് ബോംബുകൾ നിർമ്മിക്കുന്നതെന്നും ആർക്ക് നേരെ എറിയാനാണെന്നും കണ്ടെത്തി യഥാർത്ഥ പ്രതികളെ പിടികൂടാൻ കഴിയണം. ഷെറിൻ മരിച്ച സംഭവത്തിലും കൂത്തുപറമ്പ്, വടകര തെരഞ്ഞെടുപ്പിലും ആർക്കെതിരെ ഉപയോഗിക്കാനാണ് ഈ ബോംബുകൾ നിർമ്മിച്ചതെന്ന് കണ്ടെത്തണം. ചിഹ്നം നഷ്ടപ്പെട്ടാൽ ഈനാംപേച്ചിയെയും മരപ്പട്ടിയെയും ചിഹ്നം ആക്കേണ്ടിവരുമെന്ന് ശ്രീ. എ. കെ. ബാലൻ വേവലാതി

പെട്ടപ്പോൾ ശ്രീ. ഷാഫി പറമ്പിൽ പറഞ്ഞത് അങ്ങനെ ചിഹ്നം നഷ്ടപ്പെട്ടാൽ ബോംബ് ചിഹ്നമാക്കാമെന്നാണ്. അദ്ദേഹത്തിന് മുഖ്യമന്ത്രിയുടെ പാർട്ടിയെ ആക്ഷേപിച്ച് അങ്ങനെ പറയേണ്ടതായി വന്നു. നിങ്ങൾ ബോംബ് നിർമ്മാണം ആയുധമാക്കുന്നു, അതിനെ പ്രോത്സാഹിപ്പിക്കുന്നു, അതിനെ ന്യായീകരിക്കുന്നു, കേസുകളിൽനിന്നും പ്രതികൾക്ക് രക്ഷനൽകുന്നു, പണം നൽകുന്നു, രക്ഷസാക്ഷികളെ നിങ്ങൾ പ്രഖ്യാപിച്ച് സൃഷ്ടിക്കുന്നു, അതിനെ ബഹുമതിയാക്കി മാറ്റുന്നു. ഇത്തരം കാര്യങ്ങൾ നിങ്ങൾ അവസാനിപ്പിക്കണം. ഈ സംഭവത്തെക്കുറിച്ച് അന്വേഷിക്കുകയും ബോംബ് നിർമ്മാണം തടയുകയും വേണം. യഥാർത്ഥ പ്രതികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരണം. പരിക്കുപറ്റി മരണപ്പെട്ട വേലായുധന്റെ കുടുംബത്തിന് ആവശ്യമായ നഷ്ടപരിഹാരം നൽകണം. ഗൗരവമേറിയ ടി വിഷയം സഭ നിർത്തി വച്ച് ചർച്ച ചെയ്യണം.

<u>മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ</u>: സർ, ബഹുമാനപ്പെട്ട അംഗം കണ്ണൂർ ജില്ലയിലെ ബോംബുമായി ബന്ധപ്പെട്ട ഒട്ടേറെ കാര്യങ്ങളാണ് വിശദമാക്കാൻ ശ്രമിച്ചിട്ടുള്ളത്. ഞാൻ പഴയ ചരിത്രത്തിലേക്കൊന്നും ഇപ്പോൾ

പോകുവാൻ ഉദ്ദേശിക്കുന്നില്ല. പഴയ ചരിത്രം പരിശോധിച്ചാൽ എവിടെനിന്നാണ് ബോംബിന്റെ തുടക്കമെന്ന് നമുക്കെല്ലാവർക്കും അറിയാമല്ലോ. ഇപ്പോൾ സംസാരിച്ച വ്യക്തിക്ക് അറിയില്ലായിരിക്കാം. നേരത്തെ സംസാരിച്ച ആൾക്ക് അറിയാം. പന്തക്കപ്പാറയിലെ കുളങ്ങരത്ത് രാഘവനെക്കുറിച്ച് ഇനിയും ഞാൻ കൂടുതൽ പറയണോ. കുളങ്ങരത്ത് രാഘവൻ എന്നുപറയുന്നത് അന്നത്തെ ആക്രമണത്തിൽ കൊലചെയ്യപ്പെട്ട വ്യക്തിയാണ്. അദ്ദേഹം ബീഡി തൊഴിലാളിയായിരുന്നു. അദ്ദേഹം ബീഡി തെറുത്തുകൊണ്ടിരുന്നപ്പോഴാണ് ഒരുസംഘം ആളുകൾ ചെറിയൊരു ബാഗിൽ ബോംബ് കൊണ്ടുവന്ന് എറിഞ്ഞുകൊല്ലുന്നത്. ബഹുമാനപ്പെട്ട അംഗത്തിന് അക്കാര്യം അറിയാതിരിക്കാൻ വഴിയില്ല. അവിടെനിന്നാണ് തുടക്കം. അതുവരെ കണ്ണൂർ ജില്ലയിൽ ബോംബെന്ന് പറയുന്നത് എന്താണെന്ന് സാധാരണ ഗതിയിൽ ആർക്കും അറിയില്ലായിരുന്നു. പിന്നീടത് എവിടെവരെയെത്തി? അവസാനം ഡി.സി.സി. ഓഫീസിൽ പലതരം ബോംബുകൾ പ്രദർശിപ്പിക്കുന്ന സ്ഥിതിവരെയുണ്ടായി. ഉത്തരവാദപ്പെട്ട മാധ്യമങ്ങൾ ചെന്നപ്പോൾ ആ മാധ്യമങ്ങളുടെ മുമ്പിൽ കാണിക്കുകയും അവർ റിപ്പോർട്ട് ചെയ്യുകയും ചെയ്തു. ഇത്

പുക മാത്രം വരുന്ന ബോംബാണെന്നും ഇത് മാരകശേഷിയുള്ള ബോംബാണെന്നും പറഞ്ഞ് മൂന്നാല് ബോംബുകൾ ഇങ്ങനെ കാണിക്കുകയുണ്ടായി. അത് ഡി.സി.സി. ഓഫീസിലായിരുന്നു. ഇതിൽ നിന്നെല്ലാം മാറി കണ്ണൂർ ജില്ലയിൽ പഴയ കാലത്തെ അപേക്ഷിച്ച് വലിയ മാറ്റങ്ങൾ പിന്നീട് വന്നില്ലേ. ഇപ്പോൾ സമാധാനപരമായ അന്തരീക്ഷം പൊതുവേ നിലനിൽക്കുന്ന ജില്ലയാണ് കണ്ണൂർ. സാധാരണനിലയിൽ ഇത്തരമൊരു ബോംബ് നിർമ്മിക്കുന്നതിന്റെ യാതൊരു സാഹചര്യവും അവിടെ ഇപ്പോൾ നിലനിൽക്കുന്നില്ല. സമാധാനപരമായ അന്തരീക്ഷം അവിടെ നിലനിൽക്കുന്നുണ്ട്. സമൂഹത്തിൽ ബോംബ് നിർമ്മിക്കുന്ന പ്രക്രിയയുണ്ടായിരിക്കും. അതിനോട് ഒരു തരത്തിലുമുള്ള വിട്ടുവീഴ്ച മനോഭാവവും സർക്കാർ കാണിക്കുന്നില്ല. പാനൂരിലെ സംഭവം ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിക്കുകയുണ്ടായി. കർക്കശമായ നടപടിയാണ് അതിനെതിരെ സ്വീകരിച്ചിട്ടുള്ളത്. ഇവിടെ ഹതഭാഗ്യനായ വളരെ പ്രായമുള്ള വ്യക്തി മരണപ്പെടുന്ന സാഹചര്യമാണുണ്ടായത്. തീർത്തും സംഭവിക്കാൻ പാടില്ലാത്ത കാര്യമാണ് സംഭവിച്ചിരിക്കുന്നത്. അതിന് അങ്ങ് പറഞ്ഞതുപോലെ മോഹനന്

യാതൊരു ബന്ധവുമില്ല. പറമ്പ് അദ്ദേഹത്തിന്റെ ഉടമസ്ഥതയിലുള്ളതാണെന്നേയുള്ളൂ. ആ സംഭവം ഗൗരവമായി അന്വേഷിക്കും. എവിടെനിന്നാണ് അത്തരത്തിലൊരു ബോംബ് എത്തിച്ചേർന്നതെന്ന് അന്വേഷിക്കും. അങ്ങ് നേരത്തെ പറഞ്ഞ കാര്യം ശരിയല്ല. ഒരു പ്രദേശത്ത് ഇത്തരം സംഭവം ഉണ്ടാകുമ്പോൾ ആളുകൾ ഓടിക്കൂടും. അങ്ങനെ ഓടിക്കൂടുന്നത് തെളിവുകൾ നശിപ്പിക്കാനല്ല. നാട്ടിൻപുറങ്ങളിൽ ഇത്തരം സംഭവങ്ങൾ നടക്കുമ്പോൾ ആളുകൾ ഓടിക്കൂടാറുണ്ട്. പോലീസും താമസമില്ലാതെ വേഗതയിൽതന്നെ അവിടെ എത്തുകയുണ്ടായി. അവിടെ തെളിവുകൾ നശിപ്പിക്കുന്ന നടപടികളൊന്നും നാട്ടുകാർ സ്വീകരിച്ചിട്ടില്ല, അതിന് കഴിയുകയുമില്ല. ഇത്തരം സംഭവങ്ങൾ നടക്കുമ്പോൾ എല്ലാവരും ഓടി എത്തും. ഏതെങ്കിലും ഒരു കൂട്ടർ വരണമെന്നോ വരേണ്ടെന്നോ പറയുന്ന അവസ്ഥ ഉണ്ടാകുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ഗൗരവമായി അന്വേഷണം നടത്തും. എവിടെനിന്നാണ് ഇതിന്റെ ഉറവിടമെന്ന് കണ്ടെത്താൻ പോലീസ് ശ്രമിക്കുകയും ചെയ്യും. അങ്ങ് പറയുന്ന കൂട്ടത്തിൽ പ്രശസ്തമായ രീതിയിൽ പ്രവർത്തിക്കുന്ന ആതുരസേവന ആശുപത്രിയെ കുറ്റപ്പെടുത്തുന്ന രീതിയുണ്ടായി.

അങ്ങയുടെ ഭാഗത്തുനിന്നും അങ്ങനെ ഉണ്ടാകാൻ പാടില്ലായിരുന്നു. തലശ്ശേരി സഹകരണ ആശുപത്രി എല്ലാവരും ആശ്രയിക്കുന്ന ആശുപത്രിയാണ്. സി.പി.ഐ.(എം)-കാരെ മാത്രം ചികിത്സിക്കുന്ന കേന്ദ്രമായാണ് അങ്ങ് ആ സ്ഥാപനത്തെ ചിത്രീകരിക്കാൻ ശ്രമിച്ചത്. എല്ലാവരും ചികിത്സയ്ക്ക് ആശ്രയിക്കുന്ന ആശുപത്രിയാണ്. അക്കാര്യത്തിൽ മറ്റുതരത്തിലുള്ള വ്യത്യാസങ്ങളില്ല. തലശ്ശേരി ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയിൽ കോൺഗ്രസ്സുകാർക്ക് മാത്രമാണോ ചികിത്സ ലഭിക്കുന്നത്. നാട്ടുകാർ രാഷ്ട്രീയ ഭേദമെന്യേ ആശുപത്രികളെ ആശ്രയിക്കാറുണ്ട്, അതാണ് നമ്മുടെ രീതി. എന്തുകൊണ്ടാണ് അങ്ങ് അങ്ങനെ ചിത്രീകരിച്ചുയെന്ന് മനസ്സിലാകുന്നില്ല. അവിടെ ഗൗരവമായി ചികിത്സ നൽകുന്ന സ്ഥലമാണ്. കുറ്റവാളികൾക്ക് സംരക്ഷണം ഒരുക്കുന്ന കേന്ദ്രമല്ലെന്ന് ഇതുവരെയുള്ള അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പറയാൻ കഴിയും. ഈ സംഭവം അതീവ ഗൗരവമായാണ് സർക്കാർ കാണുന്നത്. നേരത്തെ പാനൂരിലും ഇപ്പോൾ എരഞ്ഞോളിയിലും ബോംബ് പൊട്ടിയിരിക്കുന്നു. അങ്ങനെ വരുമ്പോൾ ആ ബോംബിനെപറ്റിയുള്ള ഗൗരവമായ അന്വേഷണം നടക്കും. ഇതിനെക്കുറിച്ചുമാത്രമല്ല

എവിടെയെങ്കിലും ബോംബുണ്ടോ, ഇത്തരം ശ്രമങ്ങൾ നടക്കുന്നുണ്ടോയെന്ന് ഗൗരവമായി അന്വേഷിച്ച് നടപടികൾ എടുക്കുന്നതാണ്. പോലീസിന് ആവശ്യമായ നിർദ്ദേശം അക്കാര്യത്തിൽ നൽകിയിട്ടുണ്ട്. ഇന്നത്തെ കാലത്ത് പലവിധ വിവരങ്ങളെ അടിസ്ഥാനപ്പെടുത്തിയാണല്ലോ ഇതിനുള്ള ശ്രമം നടക്കുക. അതിനെല്ലാം രാഷ്ട്രീയ നിറമുണ്ടാകണമെന്നില്ല. ഇപ്പോൾ എറണാകുളം ജില്ലയിൽ പള്ളിയിൽ നടന്ന ആക്രമണം നമുക്ക് ഓർമ്മയില്ലേ. അതെങ്ങനെയാണ് അയാൾ പഠിച്ചതെന്ന വിവരങ്ങൾ പിന്നീട് പുറത്തുവന്നല്ലോ. അതാണ് ഇന്നത്തെ കാലം. ഇതിന്റെ ഭാഗമായിട്ട് പലതും പലതരത്തിലുള്ള പരിശീലനങ്ങളും പ്രയോഗങ്ങളും നടത്തുന്നുണ്ടെന്നാണ് തോന്നുന്നത്. അതൊക്കെ പോലീസ് അന്വേഷിച്ച് കണ്ടെത്തട്ടെ. നമ്മൾ എല്ലാത്തിനും രാഷ്ട്രീയ നിറം ചാർത്തി രാഷ്ട്രീയ ഗൂഢാലോചനയുടെ ഭാഗമാണെന്ന് സ്ഥാപിക്കാനല്ല ശ്രമിക്കേണ്ടത്. ഇത്തരം കുറ്റങ്ങൾ ഉണ്ടാകാതിരിക്കുകയെന്നുള്ളതാണ് പ്രധാനം. അതിൽ മുഖം നോക്കാതെയുള്ള നടപടിയുണ്ടാവും. ഗൗരവമായ ഇടപ്പെടൽ പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടാകും. ശക്തമായ റെയ്ഡ് വേണമെങ്കിൽ റെയ്ഡ് അടക്കം നടത്താനുള്ള

നടപടികൾ സ്വീകരിക്കും. അതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സഭ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

ശ്രീ. വി. ഡി. സതീശൻ: സർ, എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും അദ്ദേഹത്തിന്റെ പാർട്ടിയോടും ചോദിക്കാനുള്ളത് നിങ്ങൾ ഏത് ഇരുണ്ട യുഗത്തിലാണ് ജീവിക്കുന്നതെന്നാണ്. നമ്മൾ ജീവിക്കുന്ന കാലവുമായി നിങ്ങൾക്ക് യാതൊരു ബന്ധവുമില്ല. നിങ്ങൾക്ക് കണക്കില്ല. നിങ്ങൾ ഇരുപത്തഞ്ചോ അമ്പതോ കൊല്ലം മുമ്പ് ജീവിക്കേണ്ട സാഹചര്യത്തിലാണ് ഇപ്പോഴും കൈകാര്യം ചെയ്യുന്നത്. പാർട്ടി ഗ്രാമങ്ങളിൽ കുടിൽ വ്യവസായം പോലെ ബോംബുണ്ടാക്കുകയാണ്. എത്ര നിരപരാധികളാണ് കൊല ചെയ്യപ്പെട്ടതെന്നും സ്വന്തം പാർട്ടിയിലെ എത്രയോ പേരാണ് കൊല ചെയ്യപ്പെട്ടതെന്നും എത്ര പേരുടെ കൈയും കാലും

നഷ്ടപ്പെട്ടുവെന്നുമാണ് ഞാൻ ചോദിക്കുന്നത്. എത്രയോ നിരപരാധികളായ മനുഷ്യരാണ് കൊലചെയ്യപ്പെട്ടത്. ശ്രീ. സണ്ണി ജോസഫ് സൂചിപ്പിച്ചതുപോലെ തൊഴിലുറപ്പ് പദ്ധതിക്ക് പോയ സ്ത്രീകളും പറമ്പിൽ കളിച്ചുകൊണ്ടിരുന്ന കുട്ടികളും ഉൾപ്പെടെ എത്രയോ പേർ പരിക്കേൽക്കുകയും മരിക്കുകയും ചെയ്തിട്ടുണ്ട്? ആക്രി പറക്കാൻ പോയ പാവങ്ങളും അസ്സാമിൽ നിന്ന് വന്ന പിതാവും മകനും ഉൾപ്പെടെ എത്ര മനുഷ്യരാണ് ഈ അപകടത്തിൽപ്പെട്ടത്. എന്റെ കൈയിൽ കുഞ്ഞുങ്ങൾക്ക് പരിക്കേറ്റതിന്റെയും മരിച്ചതിന്റെയും ലിസ്റ്റുണ്ട്. അതിൽ 5 വയസ്സുള്ള കുട്ടികളുണ്ട്. ക്രിക്കറ്റ് ഗ്രൗണ്ടിൽ കളിച്ചുകൊണ്ടിരുന്ന കുട്ടികളുടെ ബാൾ തെറിച്ച് കാട്ടിലേയ്ക്ക് പോയപ്പോൾ അത് എടുക്കാൻ പോയ കുഞ്ഞുങ്ങളും ഉൾപ്പെടെ എത്രയോ പേരാണുള്ളത്. ഐസ്ക്രീം ബോക്സിൽ ബോംബ് വച്ചപ്പോൾ അത് ഐസ്ക്രീമാണെന്ന് കരുതി കളിക്കളത്തിൽവച്ച് തുറന്ന കുട്ടികളും ഉൾപ്പെടെ എത്ര കുട്ടികളുടെ ലിസ്റ്റുണ്ടെന്ന് ഇവിടെ പറയാം. എല്ലാ സ്ഥലത്തും സ്റ്റീൽ ബോംബുണ്ടാക്കി വയ്ക്കുകയാണോ? ഈ പ്രത്യേക സാഹചര്യത്തിൽ സർക്കാർ ഒരു കാര്യം ചെയ്യണം. സ്റ്റീൽ പാത്രങ്ങൾ കണ്ടാൽ തുറന്ന് നോക്കരുതെന്ന നിർദ്ദേശം കണ്ണൂരിലെ ജനങ്ങൾക്ക് നൽകണം.

ദുരൂഹമായ സാഹചര്യത്തിൽ കാണുന്ന സ്റ്റീൽ പാത്രങ്ങൾ ആരും തുറന്ന് നോക്കരുതെന്ന് പറയണം. ഇപ്പോൾ മരിച്ച വയോധികൻ 85-നും 90-നും ഇടയിൽ പ്രായമുള്ളയാളാണ്. പറമ്പിൽ തേങ്ങ എടുക്കാൻ പോയപ്പോൾ കണ്ട സ്റ്റീൽ പാത്രത്തിൽ എന്താണെന്ന് പൊട്ടിച്ചു നോക്കിയതാണ്. മുഖം വികൃതമായി എത്ര ക്രൂരമായ രീതിയിലാണ് ഒരു നിരപരാധി കൊല ചെയ്യപ്പെട്ടത്. നിങ്ങൾ ആർക്കെതിരായാണ് ബോംബുണ്ടാക്കുന്നത്? ഈ സംഭവമെന്താണെന്ന് മുഖ്യമന്ത്രിക്ക് വരെ കൃത്യമായി അറിയാം. രണ്ട് പാർട്ടി ഗ്രാമങ്ങളിലുണ്ടായ പാർട്ടിയുടെ തന്നെ രണ്ട് ഗ്രൂപ്പുകൾ തമ്മിലുണ്ടായ സംഘർഷമാണ്. നേരത്തെ ഉത്സവസ്ഥലത്ത് വച്ച് കുടക്കുളത്തുനിന്ന് വന്നവരെ മർദ്ദിച്ചിരുന്നു. അവർ കേസ് കഴിഞ്ഞ് പുറത്തുവരികയും കർഷക സംഘത്തിന്റെ ഓഫീസിൽ വന്ന് 'നിന്നെയെല്ലാം ശരിപ്പെടുത്തുമെന്ന് ' ഭീക്ഷണിപ്പെടുത്തുകയും ചെയ്തു. അവർ വീണ്ടും ആക്രമിക്കാൻ വരുമ്പോൾ സ്വന്തം പാർട്ടിക്കാരെത്തന്നെ എറിയാൻ വേണ്ടി ഉണ്ടാക്കിയ ബോംബാണിതെന്ന് ആർക്കാണ് അറിയാത്തത്? ഇത് അങ്ങാടിപ്പാട്ടാണ്. സി.പി.ഐ.(എം)-ന്റെ നേതാക്കൾതന്നെ പ്രോത്സാഹിപ്പിക്കുകയും പിന്തുണ

നൽകുകയും കുട പിടിച്ചു കൊടുക്കുകയും ചെയ്യുന്ന രണ്ട് ക്രിമിനൽ സംഘങ്ങളാണ് ഏറ്റുമുട്ടിയത്. അവർ പകരം ചോദിക്കാൻ വരുമ്പോൾ പ്രതിരോധത്തിനുവേണ്ടി അവരെ എറിയുന്നതിനായി കർഷക സംഘത്തിന്റെ ഓഫീസിന്റെ പുറകിൽ ഉണ്ടാക്കിവച്ചതാണ്. എവിടെയാണ് ഇത് നടക്കുന്നത്; എത് ലോകത്താണ് നിങ്ങൾ ജീവിക്കുന്നത്? പാനൂരിൽ തുടർച്ചയായ ബോംബ് സ്ഫോടനമുണ്ടായി. തിരഞ്ഞെടുപ്പ് കാലത്ത് ഒരു ബോംബ് സ്ഫോടനമുണ്ടായി. നിങ്ങൾ ആർ.എസ്.എസ്.-കാരെ എറിയാൻ വച്ചതല്ലെന്ന് ഞങ്ങൾക്കെല്ലാവർക്കും ആറിയാം. അങ്ങ് നേരത്തെ വളരെ അഭിമാനത്തോടെ പറഞ്ഞത് അങ്ങ് വന്നതിനുശേഷം സംഘർഷമൊന്നും ഉണ്ടായിട്ടില്ലെന്നാണ്. കാരണം മസ്കറ്റ് ഹോട്ടലിൽ വച്ച് ആർ.എസ്.എസ്. നേതാക്കളുമായി രഹസ്യമായി ചർച്ച നടത്തി എല്ലാം പ്രശ്നങ്ങളും തീർക്കുകയും നിങ്ങൾ തമ്മിൽ സ്നേഹത്തിലാകുകയും ചെയ്തു. വഴക്കുണ്ടാകുന്നില്ലെന്നത് നല്ല കാര്യമാണ്. പിന്നെ ആർക്കെതിരെയാണ് തിരഞ്ഞെടുപ്പ് കാലത്ത് ബോംബുണ്ടാക്കിയത്? ഈ പാവങ്ങളെ എറിയാനാണോ? 2019-ൽ തിരഞ്ഞെടുപ്പ് കഴിഞ്ഞതിന്റെ പിറ്റേ ദിവസമാണ് മുസ്ലീംലീഗ് പ്രവർത്തകനെ പാനൂരിൽ ബോംബെറിഞ്ഞ്

കൊലപ്പെടുത്തിയത്. അതുപോലെ ആരെ കൊല്ലാനാണ് തിരഞ്ഞെടുപ്പ് സമയത്ത് ബോംബുണ്ടാക്കി വച്ചത്? .....(ബഹളം).......

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്.... ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിൽ ഇരിക്കുക.... അദ്ദേഹം സംസാരിക്കട്ടെ.

ശ്രീ. വി. ഡി. സതീശൻ: സർ, പാനൂരിലെ ഷെറിൻ കൊല്ലപ്പെട്ടപ്പോൾ അറസ്റ്റിലായത് മുഴുവൻ ഡി.വൈ.എഫ്.ഐ. പ്രവർത്തകരാണ്. നിങ്ങളുടെ പാർട്ടി സെക്രട്ടറി തിരഞ്ഞെടുപ്പുകാലത്ത് അവിടെപ്പോയി പറഞ്ഞതെന്താണ്? നിങ്ങളുടെ പോലീസ് മന:പൂർവ്വം അവരെ പ്രതിയാക്കിയതാണ് എന്നാണ്. അതായത് ബോംബ് പൊട്ടിയപ്പോൾ സന്നദ്ധ പ്രവർത്തനത്തിന് ഓടിയെത്തിയ ഡി.വൈ.എഫ്.ഐ. പ്രവർത്തകനെ പ്രതിയാക്കിയെന്നാണ് പാർട്ടി സംസ്ഥാന സെക്രട്ടറി പോലീസിനെക്കുറിച്ച് അക്ഷേപിച്ചത്. നിങ്ങളുടെ പോലീസിനെക്കുറിച്ചാണ് അക്ഷേപിച്ചത്. ബോംബ് നിർമ്മാണത്തിന് എന്ന് മുതലാണ് സന്നദ്ധ പ്രവർത്തനമെന്ന ഓമനപ്പേരിട്ട് നിങ്ങളുടെ പാർട്ടി വിളിക്കാൻ തുടങ്ങിയത്. ബോംബ് നിർമ്മാണത്തിന് പോലീസ് അറസ്റ്റ് ചെയ്തവനെ സന്നദ്ധ പ്രവർത്തനത്തിന് വന്നതാണെന്ന് പാർട്ടി സംസ്ഥാന

സെക്രട്ടറി പറയുകയാണ്. ഏത് സംഭവമുണ്ടായാലും ഞങ്ങൾക്ക് യാതൊരു ബന്ധവുമില്ലെന്ന് പറയും. രണ്ടോ മൂന്നോ കൊല്ലം കഴിയുമ്പോൾ ഒരു രക്തസാക്ഷി മണ്ഡപമുണ്ടാക്കി അവരുടെ കുടുംബത്തെ നിങ്ങൾ സഹായിക്കും. ഇത് നിങ്ങൾ സ്പോൺസർ ചെയ്യുന്ന ഏർപ്പാടല്ലേ. നിരപരാധികളെയും കുഞ്ഞുങ്ങളെയും കൊല്ലുന്ന ബോംബ് നിർമ്മാണമെന്ന ക്രിമിനൽ ആക്ടിവിറ്റി നടത്തുന്നവർ എങ്ങനെയാണ് ഒരു സുപ്രഭാതത്തിൽ പാർട്ടിയുടെ രക്തസാക്ഷികളായി മാറുന്നത്? ക്രിമിനലുകളെയാണോ പാർട്ടി രക്തസാക്ഷികളാക്കി മാറ്റുന്നത്? ഒരാളെ കൊല്ലാൻ ബോംബ് നിർമ്മിക്കുന്ന ക്രിമിനൽ ആക്ടിവിറ്റി ചെയ്യുന്നയാൾ പിന്നീട് രക്തസാക്ഷിയായി മാറുന്നത് ലോകത്ത് എവിടെയെങ്കിലും കേട്ടുകേൾവിയുണ്ടോ? തീവ്രവാദികളുടെ ഇടയിൽപ്പോലുമില്ലാത്ത സംഭവങ്ങളാണ് ഇവിടെ ഉണ്ടാകുന്നത്. നിങ്ങൾ ഇത് ഇപ്പോഴും പ്രോത്സാഹിപ്പിക്കുകയാണ്. കഴിഞ്ഞ ആറ് വർഷങ്ങളിലായി അങ്ങ് നൽകിയിട്ടുള്ള മറുപടി എന്റെ കൈയ്യിലുണ്ട്. 32 ആളുകളാണ് ബോംബ് നിർമ്മാണത്തിനിടെ കൊല ചെയ്യപ്പെട്ടത്. 89 ആളുകൾ കൈയും കാലും നഷ്ടപ്പെട്ടും മുഖം വികൃതമായും പരിക്കേറ്റും കിടക്കുകയാണ്. എവിടെയാണ്

പോലീസ്? ഈ കേസിൽ പോലീസ് മൂന്ന് റിമാൻഡ് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ആദ്യത്തെ മൂന്ന് റിമാൻഡ് റിപ്പോർട്ടിലും രാഷ്ട്രീയ പ്രതിരോധികളെ നേരിടാൻ വേണ്ടിയാണ് ബോംബുണ്ടാക്കിയതെന്ന് പറയുന്നുണ്ട്. നാലാമത്തെ റിമാൻഡ് റിപ്പോർട്ടിൽ അത് ഉത്സാവത്തിലുണ്ടായ തർക്കമാണെന്ന് പറഞ്ഞു. മൂന്ന് റിമാൻഡ് റിപ്പോർട്ടുകൾ നൽകിയ പോലീസിനെകൊണ്ട് നാലാമത്തെ റിമാൻഡ് റിപ്പോർട്ട് മാറ്റി എഴുതിച്ചത് ആരാണ്; ഈ ക്രിമിനൽ ആക്റ്റിവിറ്റിയെ പ്രോത്സാഹിപ്പിക്കുന്നത് ആരാണ്; ഇതിന് സ്പോൺസർഷിപ്പ് നൽകുന്നത് ആരാണ്; രക്തസാക്ഷി മണ്ഡപമുണ്ടാക്കി അവരെ പൊതുജന മധ്യത്തിൽ ആദരിക്കാൻ പോകുന്നത് ആരാണ്? അപ്പോൾ നിങ്ങൾ അവരെ മഹത്വവൽകരിച്ച് മുന്നോട്ടുപോകുന്നത് അവർക്ക് പ്രോത്സാഹനമായി മാറുകയാണ്. അങ്ങ് പറഞ്ഞതുപോലെ എറണാകുളത്ത് ബോംബ് എറിഞ്ഞവൻ സോഷ്യൽ മീഡിയയിലൂടെ കണ്ടുപഠിച്ച് ബോംബുണ്ടാക്കുന്നതുപോലെയാണോ കണ്ണൂരിൽ ബോംബുണ്ടാക്കുന്നത്? പാർട്ടി ഗ്രാമങ്ങളിൽ വേറെ ആർക്കും പ്രവേശനമില്ലാത്ത സ്ഥലങ്ങളിലാണ് ബോംബുണ്ടാക്കുന്നത്. ഈ സംഭവമുണ്ടായപ്പോൾ ഒരു സംഘം പ്രദേശം മുഴുവൻ

വളയുകയും തെളിവുകൾ മുഴുവൻ മാറ്റുകയും ചെയ്തതിനുശേഷമാണ് പോലീസ് വരുന്നത്. ഇപ്പോഴത്തെ കാലത്ത് അതിന് ശേഷം മാത്രമെ പോലീസിന് വരാൻ സാധിക്കുകയുള്ളൂ. പോലീസിനോട് അവിടെ നിൽക്കാൻ പറഞ്ഞാൽ അവിടെ നിൽക്കും. ഇനി പോലീസിനോട് വന്നുകൊള്ളാൻ അവർ തന്നെ പറയുമ്പോഴാണ് പോലീസ് വന്ന് ഇതെല്ലാം ചെയ്യുന്നത്. ഇതാണ് എല്ലാ സ്ഥലത്തും നടന്നുകൊണ്ടിരിക്കുന്നത്. ഈ ക്രിമിനൽ സംഘങ്ങൾക്ക് സർക്കാർ ഒത്താശ ചെയ്യുകയാണ്. പോലീസിന് ഭയമാണ്. റെയ്ഡ് നടത്തുമെന്നും പിടിക്കപ്പെടുമെന്നും അങ്ങ് പറഞ്ഞു. റെയ്ഡും വാഹന പരിശോധനയും എവിടെയാണ് നടത്തിയത്; അവർക്ക് എല്ലാ സ്ഥലങ്ങളും അറിയാമല്ലോ; ഇപ്പോൾ പറമ്പിൽ സാധനമുണ്ടോ ഇല്ലയോയെന്ന് ആർക്കറിയാം? വീടിന്റെ മുമ്പിൽ പട്ടിയുണ്ട്... സൂക്ഷിക്കുക... എന്ന് ബോർഡ് വയ്ക്കുന്നതുപോലെ ഈ പറമ്പിൽ സ്റ്റീൽ ബോംബുണ്ട്..സൂക്ഷിക്കുക.. എന്നെഴുതി വയ്ക്കു. ഇല്ലെങ്കിൽ പാവങ്ങൾ മരിക്കും, പറമ്പിൽ കളിച്ചുകൊണ്ടിരിക്കുന്ന കുഞ്ഞുങ്ങൾ മരിക്കും. എത്ര ആളുകളാണ് ഇത്തരത്തിൽ മരിക്കുന്നത്, അവരുടെ എണ്ണം വർദ്ധിക്കുകയാണ്. നിങ്ങൾ ഇതൊന്ന് അവസാനിപ്പിക്കു, ആയുധം താഴെ വയ്ക്കു,

ബോംബ് നിർമ്മാണം അവസാനിപ്പിക്കൂ, ഒരു ഐഡിയോളജിക്കൽ ഫൈറ്റിലേക്ക് വരൂ. പരിഷ്കൃത സമൂഹത്തിന് മുഴുവൻ അപമാനകരമായ കാര്യങ്ങളാണ് കേരളത്തിലെ സി.പി.ഐ.(എം.) ചെയ്തുകൊണ്ടിരിക്കുന്നത്. ജനങ്ങൾ താക്കീത് നൽകിയിട്ടും ....(ബഹളം)...

മി. സ്പീക്കർ: പ്ലീസ്.... അവിടെയിരിക്കൂ....അദ്ദേഹം കൺക്ലൂഡ് ചെയ്യാൻ പോകുകയാണ്. അങ്ങ് സംസാരിക്കൂ.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ കെ.എസ്.ആർ.ടി.സി. ഡ്രൈവറെ റോഡിൽവച്ച് ഭീഷണിപ്പെടുത്തിയ കാര്യമല്ല ഇവിടെ പറഞ്ഞത്, ബോംബ് നിർമ്മാണത്തിന്റെ കാര്യത്തെക്കുറിച്ചാണ് പറഞ്ഞത്. ഇത്ര ബഹളമുണ്ടാക്കേണ്ട കാര്യമില്ല. സർക്കാർ ഈ ക്രിമിനലുകളെ പ്രോത്സാഹിപ്പിക്കുന്നു. സർക്കാരിന്റെയും പോലീസിന്റെയും ഒത്താശയോടുകൂടി ബോംബ് നിർമ്മാണം നടക്കുകയും നിരപരാധികൾ മരിക്കുകയും സംഘർഷങ്ങൾ ഉണ്ടാകുകയും ചെയ്യുന്ന ഈ സാഹചര്യത്തെ മറികടക്കുന്നതിനുള്ള ഒരു പ്രവൃത്തിയും സർക്കാരും പോലീസും ചെയ്യുന്നില്ല. ഇതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ചില നിർഭാഗ്യകരമായ സംഭവങ്ങൾ തുടരെത്തുടരെ ആവർത്തിക്കുകയാണ്. ഏതെങ്കിലും ഒരു ഒറ്റപ്പെട്ട സംഭവമാണെങ്കിൽ നമുക്ക് മനസ്സിലാക്കാം. പക്ഷേ ഇവിടെ അതല്ല സംഭവിച്ചരിക്കുന്നത്. ഇപ്പോൾ ഈ ഭൂതത്തിനെ തുറന്നുവിട്ടത് അബദ്ധമായി, കാരണം നിങ്ങളുടെ പോലും നിയന്ത്രണത്തിലല്ല കാര്യങ്ങൾ നടക്കുന്നത്. അങ്ങനെ ആയിരുന്നെങ്കിൽ തെരഞ്ഞെടുപ്പിന്റെ ക്ലൈമാക്സിലും തെരഞ്ഞെടുപ്പിൽപ്പോലും വലിയ ദോഷമുണ്ടാക്കുന്ന തരത്തിൽ ഈ സ്ഫോടനം ഉണ്ടാകില്ലായിരുന്നു. നിരന്തരമായി നിരപരാധികൾക്കും കുട്ടികൾക്കും പ്രായമായവർക്കുമാണ് അപകടം സംഭവിക്കുന്നത്. പറമ്പിൽ ഇറങ്ങി നടക്കാൻ കഴിയുന്നില്ല, വീട്ടിൽ കിടന്നുറങ്ങാൻ കഴിയുന്നില്ല, എവിടെയാണ് ബോംബുള്ളതെന്ന് അറിയാൻ കഴിയുന്നില്ല, ഈയൊരു സ്ഥിതിയാണ് ഇപ്പോഴുള്ളത്. ശൂന്യമായിക്കിടക്കുന്ന സ്ഥലങ്ങളിൽ ഇത്തരം വസ്തുക്കൾ കണ്ടാൽ കൈയിൽ എടുക്കരുതെന്നും സൂക്ഷിക്കണമെന്നും മുമ്പ് ജില്ലാ

അധികൃതർ warning നൽകിയിരുന്നു. കേൾക്കുന്നവർക്ക് ഇതൊരു വാർത്തപോലും അല്ലാതെയായി. അതുകൊണ്ട് സർക്കാരാണ് ഇക്കാര്യം ചിന്തിക്കേണ്ടത്. ഇത്തരത്തിലുള്ള ശരിയായ വിശദീകരണം വരാത്ത കാര്യങ്ങളിൽ എന്തിനാണ് honour ചെയ്യുന്നത്. ബോംബുണ്ടാക്കുന്നവർ ബോംബ് പൊട്ടിമരിച്ചാൽ അവരെ പാർട്ടി honour ചെയ്യേണ്ട കാര്യമുണ്ടോ? അത് നിർത്തലാക്കി ഇതിനെതിരെ രാഷ്ട്രീയമായും നിയമപരമായും ഇച്ഛാശക്തിയോടുകൂടി നടപടിയെടുക്കാൻ സർക്കാർ തയ്യാറാകണം. ഇതുചെയ്യാത്തതുകൊണ്ടാണ് ഇത്തരം കാര്യങ്ങൾ വീണ്ടും ആവർത്തിക്കുന്നത്. ഉത്തരവാദിത്വപ്പെട്ട നേതാക്കന്മാർതന്നെ അവരെ honour ചെയ്താൽ ഇത് നിർത്തലാക്കാൻ സാധിക്കുമോ? ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം ലഭിക്കാത്തതുകൊണ്ടാണ് പ്രതിപക്ഷത്തുനിന്നും പിന്നെയും പിന്നെയും ആരോപണങ്ങളുണ്ടാകുന്നത്. നിരന്തരമായുണ്ടാകുന്ന ഇത്തരം വിഷയങ്ങൾ കേരളസമൂഹത്തിന് അപമാനകരമാണ്, സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമാണ്. അത് ചെയ്യാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, ബോംബ് നിർമാണം മഹത്തായ ഒരു കാര്യമായിക്കണ്ട് അവരെ ആദരിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഗൗരവതരമായ ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, നമ്മുടെ നിയമസഭയിൽ എത്രാമത്തെ പ്രാവശ്യമാണ് സ്റ്റീൽ ബോംബ് സ്ഫോടനത്തെ സംബന്ധിച്ച് അടിയന്തരപ്രമേയം അവതരിപ്പിക്കേണ്ടി വന്നിട്ടുള്ളത്? ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഉന്നയിക്കുമ്പോഴെല്ലാം മുമ്പ് നൽകിയിരുന്ന മറുപടി തന്നെയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവർത്തിക്കുന്നത്. പക്ഷേ തുടർക്കഥയായി ഇത്തരത്തിലുള്ള ബോംബ് സ്ഫോടനങ്ങൾ നടക്കുകയും നിരപരാധികൾ കൊല്ലപ്പെടുകയും ചെയ്യുന്നു. ഇക്കാര്യത്തിൽ പോലീസിന് യാതൊരു

രീതിയിലും ഇടപെടാനോ അന്വേഷിക്കാനോ കഴിയുന്നില്ലെന്നുള്ളത് പരമമായ യാഥാർത്ഥ്യമാണ്. പോലീസിനെ പൂർണ്ണമായും രാഷ്ട്രീയവൽക്കരിച്ചിരിക്കുന്നു, പോലീസിന്റെ കൈകൾ ബന്ധിക്കപ്പെട്ടിരിക്കുന്നു. ഈ വിഷയത്തെ സർക്കാർ ഗൗരവമായി കണ്ടില്ലെങ്കിൽ ഇനിയും ഇത് ആവർത്തിക്കുകയും നിരവധി ആളുകൾ കൊല്ലപ്പെടുന്ന സാഹചര്യമുണ്ടാകുകയും ചെയ്യും. ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പ് സർക്കാരിന്റെ അഴിമതിക്കെതിരെ മാത്രമുള്ളതല്ല, ഇത്തരത്തിലുള്ള ബോംബ് സംസ്കാരത്തിനെതിരെയുള്ള മുന്നറിയിപ്പായാണ് ജനങ്ങൾ നൽകിയെതെന്നും കൂടി ഓർക്കേണ്ടതാണ്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീമതി കെ. കെ. രമ</u>: സർ, കണ്ണൂർ ജില്ലയിലും പരിസരപ്രദേശങ്ങളിലും ഒരു കുടിൽ വ്യവസായം പോലെ ബോംബ് നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. എത്ര മനുഷ്യരാണ് ഈ ബോംബ് നിർമ്മാണത്തിനിടയിൽ മരണപ്പെട്ടുപോകുന്നത്, എത്ര യുവാക്കളുടെ കൈയും

കാലുമാണ് ബോംബ് നിർമ്മാണത്തിനിടയിൽ നഷ്ടപ്പെട്ടുപോകുന്നത്? എന്നിട്ടും ഇതിന് ഒരു അറുതി വരുന്നില്ലെന്നുള്ളതാണ്. ദൈനംദിന സംഘടനാ പ്രവർത്തനങ്ങളുടെ ഭാഗമായി ബോംബ് നിർമ്മാണം നടക്കുകയാണോയെന്നുപോലും സംശയിക്കുകയാണ്. പോലീസ് മാത്രം വിചാരിച്ചാൽ ഇത് അവസാനിപ്പിക്കാൻ കഴിയില്ല. സി.പി.ഐ.(എം.)-ന്റെ നേതൃത്വം തന്നെ ഇതിനെതിരെ രംഗത്ത് വരികയും ഇത്തരം നിർമ്മാണം നിർത്തിവയ്ക്കാനും അതല്ലെങ്കിൽ ബോംബ് നിർമ്മാണവും അക്രമ രാഷ്ട്രീയവുമല്ല രാഷ്ട്രീയപ്രവർത്തനമെന്നുമുള്ള സന്ദേശം സമൂഹത്തിന് നൽകാനും കഴിയണം. അതിനനുസരിച്ചുള്ള തീരുമാനങ്ങൾ എടുത്താൽ മാത്രമെ ഇത് അവസാനിപ്പിക്കാൻ സാധിക്കുകയുള്ളൂ. ബോംബ് നിർമ്മാണത്തിനെതിരെ നടപടിയെടുക്കുന്നതിൽ പോലീസും നിഷ്ക്രിയമാണ്. തിരഞ്ഞെടുപ്പിനുശേഷം എത്രയോ വീടുകളാണ് ബോംബ് നിർമ്മാണത്തിന്റെ ഭാഗമായി ആക്രമിക്കപ്പെട്ടത്. ബോംബേറിൽ ആർ.എം.പി. പ്രവർത്തകന്റെ ഭാര്യയും ആഴഞ്ചേരിയിൽ വീട്ടിൽ കിടന്നുറങ്ങിയ ഒരു ചെറിയ കുട്ടിയും തലനാരിഴയ്ക്കാണ് രക്ഷപ്പെട്ടത്. ഇത്തരത്തിൽ ബോംബ് നിർമ്മാണം

ശക്തിപ്പെട്ടുകൊണ്ടിരിക്കുമ്പോൾ ഇതിനെതിരെ നടപടിയെടുക്കണം. പോലീസും നടപടിയെടുക്കുന്നില്ല. ദൈനംദിന സംഘടനാ പ്രവർത്തനങ്ങളുടെ ഭാഗമായി ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിനെതിരെ ജാഗ്രതയോടുകൂടി ശക്തമായ നടപടിയെടുക്കാൻ പാർട്ടി തയ്യാറാകണം. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭവിട്ട് പുറത്തുപോയി. സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)